# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 192

06.01.2014 -ൽ മറുപടിയ്ക്ക്

## വനിതാ ട്രാഫിക് വാർഡന് നേരെയുള്ള അതിക്രമം

**ചോദ്യം**

ശ്രീ. സാജുപോൾ
ശ്രീ. എ.എം. ആരിഫ്
ശ്രീ. കെ.വി. വിജയദാസ്
ശ്രീ. എസ്. രാജേന്ദ്രൻ

(എ) ട്രാഫിക് വാർഡനും ദളിത് യുവതിയുമായ ശ്രീമതി പത്മിനി ഡ്യൂട്ടിയ്ക്കിടയിൽ പരസ്യമായി അപമാനിക്കപ്പെട്ട സംഭവത്തെ തുടർന്ന് പോലീസ് സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ ;

**മറുപടി**

ശ്രീ. രമേശ് ചെന്നിത്തല
(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

(എ) എറണാകുളം ടൗൺ നോർത്ത് പോലീസ് സ്റ്റേഷൻ ക്രൈം 1289/2013 u/s 341, 354 എ(1), 294 (ബി) ഐ.പി.സി ആയി കേസ് രജിസ്റ്റർ ചെയ്ത് എറണാകുളം ടൗൺ നോർത്ത് പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ പ്രസ്തുത കേസിൽ അന്വേഷണം നടത്തുകയും, സെക്ഷൻ 353, 354 ഐ.പി.സി കൂട്ടിച്ചേർത്ത് അന്വേഷണം തുടരുന്ന വിവരത്തിന് കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതു മാണ്. പ്രതിയെ കണ്ടെത്തുന്നതിന് സാധ്യമായ എല്ലാവിധ അന്വേഷണവും നടത്തി വരവെ പ്രതി എറണാകുളം ജില്ലാ സെഷൻസ് കോടതി മുമ്പാകെ മുൻകൂർ ജാമ്യാപേക്ഷ സമർപ്പിച്ചിരുന്നതും ആയതിലേക്ക് പ്രതിക്ക് ജാമ്യം നിഷേധിക്കുന്നതിന് 8.11.13-ാം തിയതി ബഹു. കോടതിക്ക് റിപ്പോർട്ട് കൊടുത്തിട്ടുള്ളതുമാണ്.

ഈ കേസിന്റെ പ്രാധാന്യം മനസ്സിലാക്കി അന്വേഷണം എറണാകുളം ടൗൺ നോർത്ത് പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ ശ്രീ. എം.ജി. സാബുവിനെ ഏൽപ്പിച്ചിട്ടുള്ളതും തുടർന്ന് അന്വേഷണം നടത്തിയിട്ടുള്ളതുമാണ്. ഈ കേസ്സിലെ പ്രതി വിനോഷ് വർഗ്ഗീസ് ബഹു. കോടതി ഉത്തരവു പ്രകാരം 22.11.2013 തീയതി അന്വേഷണ ഉദ്യോഗസ്ഥന്റെ മുമ്പാകെ ഹാജരായിട്ടുള്ളതും പ്രതിയെ അറസ്റ്റ് ചെയ്ത് എറണാകുളം അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് (സാമ്പത്തിക കുറ്റങ്ങൾ) കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും കോടതിയിൽ നിന്നും ജാമ്യത്തിൽ പോയിട്ടുള്ളതുമാണ്. സംസ്ഥാന പോലീസ് മേധാവിയുടെ 29.11.2013-ാം തീയതിയിലെ ഡി7/113778/2013 തീയതി നമ്പർ ഉത്തരവു പ്രകാരം ഈ കേസ്സ് അന്വേഷണത്തിനായി വുമൺ ഇൻവെസ്റ്റിഗേഷൻ ടീമിന് കൈമാറിയിട്ടുമുണ്ട്.

(ബി) സ്ത്രീകൾക്ക് നേരെ നടക്കുന്ന ലൈംഗിക പീഡനങ്ങൾ വർദ്ധിച്ചു കൊണ്ടിരിക്കുന്ന വേളയിൽ യൂണിഫോമിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിലേർപ്പെട്ട ഒരു പെൺകുട്ടി ആക്രമിക്കപ്പെട്ട സംഭവത്തിൽ ഉടൻ മാതൃകാപരമായ നടപടി സ്വീകരിക്കാൻ തയ്യാറാകാതിരുന്നിട്ടുണ്ടോ ; എങ്കിൽ എന്തുകൊണ്ടാണ് ;

(ബി) ഇല്ല. ഇക്കാര്യത്തിൽ നിയമ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളാണ് പോലീസ് നടത്തിയിട്ടുള്ളത്.

(സി) പ്രസ്തുത കേസിലെ പ്രതിയെ അറസ്റ്റ് ചെയ്യുകയുണ്ടായോ ; എങ്കിൽ എപ്പോൾ ; സംഭവം നടന്നതെന്നായിരുന്നു ;

(സി) പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 2.11.2013-ാം തീയതിയുണ്ടായ സംഭവത്തിനുശേഷം പ്രതി ഒളിവിൽ പോവുകയും പിന്നീട് 22.11.2013 തീയതി ബഹു. എറണാകുളം സെഷൻസ്

| | | | |
|---|---|---|---|
| | | | കോടതി ഉത്തരവു പ്രകാരം അന്വേഷണ ഉദ്യോഗസ്ഥന്റെ മുമ്പാകെ ഹാജരായ പ്രതിയെ അറസ്റ്റ് ചെയ്ത് എറണാകുളം അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് (സാമ്പത്തിക കുറ്റങ്ങൾ) കോടതിയിൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | പെൺകുട്ടിയുടെ പരാതി കിട്ടിയ ഉടൻ പ്രതിയെ അറസ്റ്റ് ചെയ്യുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാം ; | (ഡി) | പ്രതിയെ അറസ്റ്റ് ചെയ്യുന്നതിലോ അന്വേഷണത്തിലോ പോലീസ് വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | പ്രതിയെ രക്ഷപ്പെടുത്താൻ ഉന്നതതലങ്ങളിൽ നിന്നും സമ്മർദ്ദം ഉണ്ടായതായുള്ള ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിരുന്നുവോ ; വിശദമാക്കുമോ ? | (ഇ) | പ്രതിയെ രക്ഷപ്പെടുത്തുന്നതിന് ഉന്നതതലങ്ങളിൽ നിന്ന് സമ്മർദ്ദം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**